# ലൈംഗിക ആക്രമണം

## ഓസ്ട്രേലിയയിൽ, ആരെയെങ്കിലും ലൈംഗികമായി ആക്രമിക്കുന്നത് നിയമത്തിന് എതിരാണ്.

ആരെയെങ്കിലും ലൈംഗികമായി ആക്രമിക്കുന്ന വ്യക്തി ജയിലിലാക്കപ്പെടാം, അതൊരു പുരുഷനായാലും സ്ത്രീ ആയാലും.

നിങ്ങളോ നിങ്ങളുടെ അറിവിൽ പെട്ട ആരെങ്കിലുമോ അപകടത്തിലാണെങ്കിൽ **000** എന്ന നമ്പറിൽ പൊലീസിനെ വിളിക്കുക.

ഓസ്ട്രേലിയയിലെ പോലീസ് സുരക്ഷിതവും ആശ്രയിക്കാനാവുന്നതുമാണ്.

സൌജന്യവും, രഹസ്യാത്മകവുമായ കൌൺസലിംഗിനും വിവരങ്ങൾക്കും 1800RESPECT നെ **1800 737 732** എന്ന നമ്പറിൽ വിളിക്കുക.

നിങ്ങൾക്ക് ഒരു സൌജന്യ ദ്വിഭാഷിയെ ആവശ്യമുണ്ടെങ്കിൽ വിളിക്കൂ **131 450**.

## ഓസ്ട്രേലിയൻ സർക്കാർ (Australian Government) ഒരു സാഹചര്യത്തിലും ലൈംഗികമായി ആക്രമിക്കുന്നത് പൊറുക്കുന്നതല്ല.

ലൈംഗിക ആക്രമണം എന്നത് മറ്റൊരു വ്യക്തിക്ക് നേരെ അവരുടെ സമ്മതം കൂടാതെ നടത്തുന്നതാണ്. ഒരു പങ്കാളിയുടെ, ജീവിതപങ്കാളിയുടെ അല്ലെങ്കിൽ കുടുംബാംഗത്തിന്റെ ലൈംഗിക ആക്രമണം നിയമത്തിന് എതിരാണ്.

ലൈംഗിക ആക്രമണം എന്നതിൽ ഇവ ഉൾപ്പെടാം:

- ലൈംഗിക ബന്ധത്തിലേർപ്പെടാൻ അല്ലെങ്കിൽ ലൈംഗിക പ്രവൃത്തികളിൽ ഏർപ്പെടാൻ ആരെയെങ്കിലും നിർബന്ധിക്കുക;
- ലൈംഗിക ചിത്രങ്ങളോ ചലച്ചിത്രമോ കാണാൻ ആരെയെങ്കിലും നിർബന്ധിക്കുക; അല്ലെങ്കിൽ
- ഒരു കുട്ടിയുമായി ലൈംഗിക ബന്ധത്തിലേർപ്പെടുക അല്ലെങ്കിൽ ലൈംഗിക പ്രവൃത്തികളിൽ ഏർപ്പെടുക.

## സ്ത്രീകൾക്ക് പുരുഷന്മാർക്കുള്ള അതേ അവകാശങ്ങളുണ്ട്.

ഓസ്ട്രേലിയയിലെ നിയമം സ്ത്രീകളെയും പുരുഷന്മാരെയും തുല്യമായി പരിഗണിക്കുന്നു.

എല്ലാവർക്കും അവരുടെ കുടുംബങ്ങളുമൊത്തും, സ്നേഹിതരുമൊത്തും, പ്രിയപ്പെട്ടവരുമൊത്തും പോസിറ്റീവും സുരക്ഷിതവുമായ ബന്ധങ്ങൾ അനുഭവിക്കുന്നതിനുള്ള അവകാശമുണ്ട്. അക്രമം ഒരിക്കലും ശരിയല്ല ഉപദ്രവിക്കപ്പെടുന്നത് ആരും സ്വീകരിക്കേണ്ട ആവശ്യമില്ല..

## ഓസ്ട്രേലിയയിൽ സഹായകരമായ സാംസ്കാരികമായി സംവേദനക്ഷമമായ സേവനങ്ങൾ ലഭ്യമാണ്.

**1800RESPECT** ഓസ്ട്രേലിയയുടെ ദേശീയ സെക്ഷ്വൽ അസോൾട്ട്, ഫാമിലി ആന്റ് ഡൊമസ്റ്റിക് വയലൻസ് കൌൺസലിംഗ് സേവനമാണ്. (Australia's National Sexual Assault, Family and Domestic Violence Counselling service). അത് സൌജന്യവും രഹസ്യാത്മകവുമായ ടെലിഫോൺ ഓൺലൈൻ കൌൺസലിംഗും വിവരങ്ങളും പ്രദാനം ചെയ്യുന്നു. കൌൺസലർമാർ നിങ്ങൾ പറയുന്നത് കേൾക്കുകയും, നിങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരം നല്കുകയും, നിങ്ങളുടെ പ്രദേശത്തുള്ള മറ്റ് സപ്പോർട്ട് സേവനങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യും.

വിളിക്കൂ **1800 737 732** അല്ലെങ്കിൽ **1800RESPECT** വെബ്സൈറ്റിലേക്ക് പോകൂ **www.1800RESPECT.org.au**.

## നിങ്ങൾക്ക് ഒരു ദ്വിഭാഷിയെ ആവശ്യമുണ്ടോ?

ട്രാൻസ്ലേറ്റിംഗ് ആന്റ് ഇന്റർപ്രെട്ടിംഗ് സർവ്വീസിനെ **(Translating and Interpreting Service)** (TIS) **131 450** എന്ന നമ്പറിൽ വിളിക്കൂ. TIS ൽ നിന്നുള്ള ഒരു ദ്വിഭാഷിക്ക് മറ്റ് സേവനങ്ങളുമായി ആശയവിനിമയം നടത്താൻ നിങ്ങളെ സഹായിക്കാനാവും എന്നിരുന്നാലും TIS കൌൺസലിംഗ് പ്രദാനം ചെയ്യുന്നതല്ല. എല്ലാ കോളുകളും സൌജന്യവും രഹസ്യാത്മകവുമാണ്.